**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.1643 21/01/2014-ൽ മറുപടിയ്ക്ക്

**കർഷക പെൻഷൻ**

ചോദ്യം
ശ്രീ. കെ.കെ.ജയചന്ദ്രൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) ചെറുകിട നാമമാത്ര കർഷക കുടുംബത്തിലെ അറുപത് വയസ്സു കഴിഞ്ഞവർക്ക് നൽകുന്ന കർഷക പെൻഷൻ സ്കീം പ്രകാരം എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്; ഇതിനായി സർക്കാരിന് ലഭിച്ച അപേക്ഷകൾ എത്രയായിരുന്നു;

എ) ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് 209518 കർഷകർക്ക് പെൻഷൻ നൽകുന്നുണ്ട്.

ബി) ലഭിച്ച അപേക്ഷകരുടെയും പെൻഷനർഹതയുള്ളതായി കണ്ടെത്തപ്പെട്ടവരുടെയും യഥാർത്ഥത്തിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെയും ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

ബി)

| ക്രമ നം | ജില്ല | പെൻഷൻ ലഭിക്കുന്ന കർഷകരുടെ എണ്ണം | രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതിനായി അർഹതയുള്ളവരായി കണ്ടെത്തപ്പെട്ടവർ |
|---|---|---|---|
| 1. | തിരുവനന്തപുരം | 8064 | 4056 |
| 2. | കൊല്ലം | 14307 | 8199 |
| 3. | പത്തനംതിട്ട | 8834 | 7300 |
| 4. | ആലപ്പുഴ | 10953 | 5432 |
| 5. | കോട്ടയം | 17736 | 8665 |
| 6. | ഇടുക്കി | 9247 | 3366 |
| 7. | എറണാകുളം | 15572 | 6861 |
| 8. | തൃശ്ശൂർ | 21911 | 8804 |
| 9. | പാലക്കാട് | 19963 | 2892 |
| 10. | മലപ്പുറം | 18778 | 10104 |
| 11. | കോഴിക്കോട് | 26416 | 13252 |
| 12. | വയനാട് | 7442 | 7047 |
| 13. | കണ്ണൂർ | 20607 | 13800 |
| 14. | കാസർഗോഡ് | 9688 | 4683 |
| | **ആകെ** | **209518** | **104461** |

സി) പ്രസ്തുത സ്കീം പ്രകാരം ഏത് തീയതിവരെയുള്ള പെൻഷൻ നൽകി കഴിഞ്ഞിട്ടുണ്ട്; കുടിശ്ശികയായിട്ടുള്ളത് എത്ര; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര രൂപ ചെലവായിട്ടുണ്ട്?

സി) ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി പ്രകാരം ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് 2014 ജനുവരി മാസം വരെ പെൻഷൻ നൽകുന്നതിനാവശ്യമായ തുക പ്രിൻസിപ്പൽ കൃഷി ഓഫിസർമാരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. ഈ തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകി വരുന്നു. ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10320.00 ലക്ഷം രൂപയിൽ 15.01.2014 വരെ 8551.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**